ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM

പ്രധാനവാർത്തകൾ

DATE: 04.06.2026

1. കേരളത്തിൻറെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുന്ന ധവളപത്രം നിയമസഭയിൽ സമർപ്പിച്ച് സംസ്ഥാന സർക്കാർ. 5.07 ലക്ഷം കോടി രൂപയുടെ കടബാധ്യതയിൽ നിന്ന് കരകയറ്റുക ലക്ഷ്യം.

2. ധവളപത്രം വസ്തുതാവിരുദ്ധവും ചട്ടലംഘനവുമെന്ന് മുൻ ധനമന്ത്രി കെ എൻ ബാലഗോപാൽ. ധവളപത്രത്തിൽ നിയമസഭയിലും പൊതുസമൂഹത്തിലും ചർച്ച ആവശ്യമെന്ന് ബിജെപി.

3. ഗവർണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയം പാസ്സാക്കി നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. സംസ്ഥാന ബജറ്റ് ഈ മാസം 19-ന്.

4. പാലക്കാട് ജില്ലയിലെ നെൽകർഷകരുടെ കുടിശ്ശിക തുക അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭായോഗ തീരുമാനം. കണ്ണൂർ എഡിഎം നവീൻ ബാബുവിന്റെ മരണത്തിൽ സിബിഐ അന്വേഷണത്തിന് കേന്ദ്രത്തോട് ശിപാർശ ചെയ്യുമെന്ന് മുഖ്യമന്ത്രി.

5. ഗിന്നസ് ലോക റെക്കോർഡ് നേട്ടവുമായി കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന്റെ മേരാ യുവ ഭാരത് ക്വിസ്.

PNU TVPM

6. തെക്കു - പടിഞ്ഞാറൻ കാലവർഷം സംസ്ഥാനത്ത് എത്തി. തിരുവനന്തപുരം മുതൽ തൃശൂർ വരെ ഇന്ന് ഓറഞ്ച് ജാഗ്രത. കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

*************************************

<u>ധവളപത്രം (ഇൻട്രോ)</u>

കേരളത്തിൻറെ സാമ്പത്തിക അടിത്തറ ഭദ്രമാക്കാനും 5.07 ലക്ഷം കോടി രൂപയുടെ കടബാധ്യതയിൽ നിന്ന് കരകയറ്റാനും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാരിൻറെ ധവളപത്രം. കേവലം നികുതി വർദ്ധനയ്ക്കപ്പുറം ഭരണസംവിധാനത്തിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കാതലായ മാറ്റങ്ങൾ വരുത്തിയാൽ മാത്രമേ നിലവിലെ പ്രതിസന്ധി മറികടക്കാൻ സാധിക്കൂ എന്ന് ധവളപത്രത്തിൽ പറയുന്നു. മുഖ്യമന്ത്രി വി.ഡി. സതീശനാണ് ധവളപത്രം ഇന്ന് നിയമസഭയുടെ മേശപ്പുറത്ത് വച്ചത്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.........**

(വോയിസ്)

*************************************

<u>നിയമസഭ- പ്രതികരണം</u>

ധവളപത്രം രാഷ്ട്രീയപരമായ രേഖയല്ലെന്നും സംസ്ഥാനത്തിൻറെ ധനസ്ഥിതി സംബന്ധിച്ച വിദഗ്ധ അഭിപ്രായം ഉൾപ്പെടുത്തിയുള്ള യാഥാർത്ഥ്യങ്ങളാണെന്നും മുഖ്യമന്ത്രി വി ഡി സതീശൻ നിയമസഭയിൽ പറഞ്ഞു. ധവളപത്രത്തിൽ പ്രതിപക്ഷം

RNU TVPM

വിയോജിപ്പ് രേഖപ്പെടുത്തി. രഹസ്യസ്വഭാവമുള്ള ധനകാര്യ വകുപ്പിൻറെ രേഖകൾ സർക്കാർ സർവ്വീസിൽ ഇല്ലാത്തവരെ ഏൽപ്പിച്ചത് അംഗീകരിക്കാൻ കഴിയില്ലെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ അറിയിച്ചു.

****************************************

## കെ എൻ ബാലഗോപാൽ (ഇൻട്രോ)

ധവളപത്രം വസ്തുതാവിരുദ്ധവും ചട്ടലംഘനവുമാണെന്ന് മുൻ ധനമന്ത്രി കെ എൻ ബാലഗോപാൽ. പൊതുമേഖലയുടെ സ്വകാര്യവൽക്കരണം ലക്ഷ്യം വച്ചുള്ള രേഖയാണിതെന്നും അദ്ദേഹം വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

(വോയിസ്)

****************************************

RNU TVPM

## രാജീവ് ചന്ദ്രശേഖർ - ഇൻട്രോ

സംസ്ഥാന സർക്കാർ പുറത്തിറക്കിയ ധവളപത്രത്തിലെ കാര്യങ്ങൾ നിയമസഭയിലും പൊതുസമൂഹത്തിലും ചർച്ച ചെയ്യണമെന്ന് എംഎൽഎ യും ബിജെപി സംസ്ഥാന അധ്യക്ഷനുമായ രാജീവ് ചന്ദ്രശേഖർ മാധ്യമങ്ങളോട് പറഞ്ഞു.

(വോയിസ്)

****************************************

## നിയമസഭ പിരിഞ്ഞു

ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപം നിയമസഭ പാസ്സാക്കി.നടപടികൾ

പൂർത്തിയാക്കി സഭ ഇന്നത്തേക്ക് പിരിഞ്ഞു.ഈ മാസം 19 ന് സഭ വീണ്ടും സമ്മേളിക്കും. മുഖ്യമന്ത്രി വി ഡി സതീശൻ നയിക്കുന്ന യു ഡി എഫ് സർക്കാരിൻറെ ആദ്യ ബജറ്റ് അന്നേ ദിവസം അവതരിപ്പിക്കും. ധനവകുപ്പിൻറെ ചുമതല വഹിക്കുന്ന മുഖ്യമന്ത്രി തന്നെയായിരിക്കും ബജറ്റ് അവതരിപ്പിക്കുന്നത്.

****************************************

## മന്ത്രിസഭാ യോഗ തീരുമാനം

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിലെ കർഷകരുടെ കുടിശ്ശിക തുക അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു. പണം വിതരണം ചെയ്യുന്നതിലെ എല്ലാ തടസങ്ങളും പരിഹരിച്ചതായി മന്ത്രിസഭായോഗ തീരുമാനങ്ങൾ വിശദീകരിക്കവെ മുഖ്യമന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. വായ്പ അനുവദിക്കുന്നതിൽ നിന്ന് പ്രാഥമിക സഹകരണ സംഘങ്ങളെ പൂർണമായും ഒഴിവാക്കാനും സപ്ലൈകോയുടെ നേതൃത്വത്തിൽ വിതരണം പൂർത്തിയാക്കാനും തീരുമാനിച്ചിട്ടുണ്ട്. കണ്ണൂർ എഡിഎം ആയിരുന്ന നവീൻ ബാബുവിന്റെ മരണത്തിൽ അന്വേഷണം സിബിഐക്ക് വിടുന്നതിന് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്യും. മുണ്ടത്തിക്കോട് വെടിക്കെട്ട് അപകടത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് 14 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കാനും മന്ത്രിസഭ യോഗം തീരുമാനിച്ചു.

RNUTVPM

****************************************

## ഗിന്നസ് വേൾഡ് റെക്കോർഡ്

കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം സംഘടിപ്പിച്ച മേരാ യുവ ഭാരത് ക്വിസിന് ഗിന്നസ് വേൾഡ് റെക്കോർഡ്. ഒരു ആഴ്ചയിൽ ഏറ്റവും കൂടുതൽ ഉപയോക്താക്കൾ പങ്കെടുത്ത ഓൺലൈൻ

ക്വിസ് എന്ന നേട്ടമാണ് ലഭിച്ചത്. കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യയുടെ സാന്നിധ്യത്തിൽ ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ ഗിന്നസ് വേൾഡ് റെക്കോർഡ്സ് സർട്ടിഫിക്കറ്റ് മൈ ഭാരതിന് സമ്മാനിച്ചു.

*********************************

## ബ്രേക്ക്

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......**

**(ബ്രേക്ക്)**

*********************************

RNU TVPM

## ഹൈക്കോടതി-എറണാകുളം

എറണാകുളം മലയിടംതുരുത്ത് പര്യത്തുകാവ് ഉന്നതിയിലെ കുടിയൊഴിപ്പിക്കൽ നടപടികൾക്ക് കൂടുതൽ സമയം അനുവദിച്ച് ഹൈക്കോടതി. ഈ മാസം 16 വരെയാണ് സമയം നീട്ടിനൽകിയത്. പെരുമ്പാവൂർ മുൻസിഫ് കോടതിയുടെ ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ സമർപ്പിച്ച ഹർജിയിലാണ് ഉത്തരവ്.

*********************************

## മഴ(ഇൻട്രോ)

തെക്കു പടിഞ്ഞാറൻ കാലവർഷം സംസ്ഥാനത്ത് എത്തി. തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി....**

( വോയിസ്)

*************************************

## അണക്കെട്ട് ജാഗ്രത

മഴ ശക്തമായതോടെ സംസ്ഥാനത്തെ അണക്കെട്ടുകളിൽ ജലനിരപ്പ് ഉയർന്നു. തിരുവനന്തപുരം അരുവിക്കര ഡാമിൻറെ രണ്ടു ഷട്ടറുകൾ 25 സെൻറീമീറ്റർ വീതം തുറന്നു. കണ്ണൂർ ജില്ലയിലെ പഴശ്ശി ഡാമിൻറെ രണ്ടു ഷട്ടറുകളും തുറന്നിട്ടുണ്ട്. സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ അറിയിച്ചു.

RNU TVPM

*************************************

## പരിസ്ഥിതി ദിനാചരണം

ഈ വർഷത്തെ ലോക പരിസ്ഥിതി ദിനാചരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം വനംമന്ത്രി ഷിബു ബേബി ജോൺ നാളെ നിർവഹിക്കും. തിരുവനന്തപുരം വനംവകുപ്പ് ആസ്ഥാനത്ത് നടക്കുന്ന ചടങ്ങിൽ വനമിത്ര പുരസ്ക്കാര വിതരണവും, സ്കൂളുകളിലെ ഫോറസ്ട്രി ക്ലബ്ബുകൾക്കായി തയ്യാറാക്കിയ ലോഗോ പ്രകാശനവും നടക്കും. **പ്രകൃതിയിൽനിന്ന് പ്രചോദനം - കാലാവസ്ഥയ്ക്കായി നമ്മുടെ ഭാവിക്കായി"** എന്നതാണ് ഈ വർഷത്തെ പരിസ്ഥിതി ദിന സന്ദേശം.

*************************************

## വനം വകുപ്പ് -സോഫ്റ്റ്‌വെയർ

വനം-വന്യ ജീവി നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട രേഖകൾ ഓൺലൈനായി കോടതികളിൽ

സമർപ്പിക്കാൻ പുതിയ സംവിധാനം ഒരുക്കി വനംവകുപ്പ്. തദ്ദേശിയമായി വികസിപ്പിച്ചെടുത്ത ഹോക്ക് പ്ലാറ്റ്ഫോം ഉപയോഗിച്ചാണ് ഇത് പ്രവർത്തിക്കുക. നാളെ നടക്കുന്ന ലോക പരിസ്ഥിതി ദിന ചടങ്ങിൽ മന്ത്രി ഷിബു ബേബി ജോൺ ഔദ്യോഗികമായി അവതരിപ്പിക്കും.

******************************************

## കതിര് പദ്ധതി

വിദ്യാർത്ഥികളിൽ കാർഷിക അവബോധം വളർത്തുന്നതിനും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലേക്ക് കൂടുതൽ അടുപ്പിക്കുന്നതിനുമായി നടപ്പിലാക്കുന്ന 'കതിര്' പദ്ധതി നാളെ മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കൃഷി വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പിൻറെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

******************************************

## എച്ച് 1 എൻ 1

എറണാകുളത്ത് എച്ച് 1 എൻ 1 ബാധിച്ച് വയോധിക മരിച്ചു. പാലാരിവട്ടം സ്വദേശി ലളിതാംബികയാണ് മരിച്ചത്. ശ്വാസതടസ്സം അനുഭവപ്പെട്ടതിനെ തുടർന്ന് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയവെ കഴിഞ്ഞ ദിവസം രോഗം സ്ഥിരീകരിക്കുകയായിരുന്നു.

************************************************************************************************************

*************************************************************************

RNU TVPM